മത്സ്യത്തൊഴിലാളികൾക്ക് ഉൽപ്പാദനബോണസ്

149 (2968) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളികൾക്ക് ഉത്പാദനബോണസ് പദ്ധതി നടപ്പിലാക്കുന്നതിനായി 2014-15-ലെ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 2 കോടി രൂപ വിനിയോഗിച്ച് പദ്ധതി നടപ്പിലാക്കിയോ ;

(ബി) എങ്കിൽ പദ്ധതി നിർവ്വഹണത്തിന്റെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) നടപ്പിലാക്കിയിട്ടില്ലെങ്കിൽ ആയതിന്റെ കാരണം എന്തെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മത്സ്യത്തൊഴിലാളികൾക്ക് ഉൽപ്പാദനബോണസ് പദ്ധതി നടപ്പിലാക്കുന്നതിനായി 2014-15-ലെ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 2 കോടി രൂപയിൽനിന്നും 50 ലക്ഷംരൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. ബാക്കി തുകയായ 150 ലക്ഷം രൂപ ഉപധനാഭ്യർത്ഥനവഴി അനുവദിക്കുന്നത് പരിഗണിച്ചുവരുന്നു.

(ബി) പദ്ധതിയിൽ ലഭിക്കാനുള്ള മുഴുവൻ തുക ലഭ്യമാക്കുന്ന മുറയ്ക്ക് തൊഴിലാളിയുടെ ഒരു ശതമാനം സമ്പാദ്യത്തിനും സംസ്ഥാന സർക്കാരിന്റെ 0.5 ശതമാനം വിഹിതത്തിനും പുറമെ 0.5 ശതമാനം. മത്സ്യഫെഡ്ഡിൽനിന്നും നൽകുന്നതിന് മത്സ്യഫെഡ് ഭരണ സമിതി തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. 31-3-2015-ന് അനുവദിച്ച 50 ലക്ഷംരൂപ പദ്ധതി പ്രകാരം നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) പദ്ധതി നടപ്പിലാക്കുന്നതിനായി ജില്ലകളിൽനിന്നുള്ള വിവരശേഖരണം നടത്തിവരുന്നു. 2014-15 വർഷത്തിൽ ലഭിക്കാനുള്ള 150 ലക്ഷം രൂപയും 2015-16 വർഷത്തിലെ സർക്കാർ വിഹിതമായ 300 ലക്ഷംരൂപയും അനുവദിക്കുന്ന മുറയ്ക്ക് പദ്ധതി നടപ്പിലാക്കുന്നതാണ്.

കടൽക്ഷോഭത്തിൽപ്പെട്ട് വള്ളവും വലയും നഷ്ടപ്പെടുന്നവർക്ക് ധനസഹായം

150 (2969) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യബന്ധനത്തിടെ കടൽക്ഷോഭത്തിൽപ്പെട്ട് വള്ളവും വലയും അനുബന്ധ ഉപകരണങ്ങളും നഷ്ടമാകുന്നവർക്ക് ഉപജീവനമാർഗ്ഗം കണ്ടെത്താൻ മതിയായ സഹായധനം അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly